**File No.DME/565/2019-E4**

**കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ (ജനറൽ) നടപടിക്രമം, തിരുവനന്തപുരം.**

മെ.വി.വ – ജീവനക്കാര്യം – ജൂനിയർ ലാബ് അസിസ്റ്റന്റ് – 16.05.2011 തീയതിക്ക് മുമ്പ് സർവീസിൽ പ്രവേശിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നുള്ള തസ്തിക മാറ്റ നിയമനം – അന്തിമ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് – ഉത്തരവാകുന്നു.

പരാമർശം:1. 06.04.1994 ലെ സ.ഉ.(കൈ) നം. 80/1994/ആ.കു.വ നമ്പർ ഉത്തരവ്.

2. ഓ.എ നം. 2021/2018 ൻറെ അടിസ്ഥാനത്തിൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27.11.2019 ൽ പുറപ്പെടുവിച്ച വിധി.
3. 16.05.2011 ലെ സ.ഉ.(കൈ) നം. 309/2011/ആ.കു.വ നമ്പർ ഉത്തരവ്.
4. 01.03.2020 ലെ സ.ഉ.(കൈ) നം. 455/2020/ആ.കു.വ നമ്പർ ഉത്തരവ്.
5. 21.04.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.
6. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഓ.എ നം. 1620/2020 ഹർജിയിൻമേലുള്ള ഇടക്കാല ഉത്തരവ്.
7. 11.11.2020 & 16.01.2021 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
8. 18.09.2020, 18.12.2020 തീയതികളിലെ ഈ ഓഫീസിലെ ഇതേ നമ്പർ കരട് സീനിയോറിറ്റി പട്ടിക.
9. 09.02.2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ അന്തിമ സീനിയോറിറ്റി പട്ടിക.
10. 26.02.2021 തീയതിയിലെ ബി2/247/2020/ആ.കു.വ നമ്പർ സർക്കാർ കത്ത്.
11. 17.04.2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സീനിയോറിറ്റി പട്ടിക.
12. 03.09.2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
13. 09.12.2021 തീയതിയിലെ ബി2/247/2020/ആ.കു.വ നമ്പർ സർക്കാർ കത്ത്.
14. 06.01.2022 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സീനിയോറിറ്റി പട്ടിക.
15. കോഴിക്കോട് ഡെന്റൽ കോളേജ് പ്രിൻസിപ്പലിന്റെ 07/01/2022 ലെ ഇ1/2545/2021.ഡിസിസി നമ്പർ കത്ത്.
16. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 11/01/2022 ലെ GMCKKD/1434/2020-E5 നമ്പർ കത്ത്.
17. കോട്ടയം ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 15/01/2022 ലെ ജി.എം.സി.കെ.റ്റി.എം/2584/2020-ഇ2 നമ്പർ കത്ത്.
18. ആലപ്പുഴ ഗവ. നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിന്റെ 17/01/2022 ലെ ഡി1/55/2022/ജി.സി.എൻ.എ നമ്പർ കത്ത്.

19. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 14/01/2022 ലെ GMCKKD/1434/2020-E5 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. ഇ4/565/2019/മെ.വി.വ തീയതി: 09/02/2022**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ 01.03.2020 ന് ശേഷം പ്രതീക്ഷിക്കപ്പെടുന്ന ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നടത്തുന്നതിനായി വകുപ്പിലെ 16.05.2011 തീയതിക്ക് മുമ്പ് സർവ്വീസിൽ പ്രവേശിച്ച് പരാമർശം 1 പ്രകാരം യോഗ്യത നേടിയ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള ജീവനക്കാരിൽ നിന്നും പരാമർശം 5 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും യോഗ്യരായ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം 8 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ സമർപ്പിക്കുന്നതിനും നിർദേശം നൽകിയിരുന്നു. അതിനെ തുടർന്ന് ലഭ്യമായ പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരാമർശം 9 പ്രകാരം അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

16.05.2011 തീയതിക്ക് മുൻപ് നിശ്ചിത യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഓ.എ 1620/2020 നമ്പർ ഹർജി ഫയൽ ചെയ്യുകയും ആയതിൻമേൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 6 പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം 7 പ്രകാരം തുടർ നിർദേശം നൽകുന്നതിനായി സർക്കാരിന് സമർപ്പിച്ച കരട് പട്ടികയിൻമേൽ പരാമർശം 4 സർക്കാർ ഉത്തരവ് പ്രകാരം ഒഴിവ് വന്ന തീയതിയിൽ പരാമർശം 1 പ്രകാരം യോഗ്യത നേടിയിട്ടുള്ള അപേക്ഷകരെ ഉൾപ്പെടുത്തി പരാമർശം 8,9 പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരുടെ ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനത്തിന്റെ സീനിയോറിറ്റി പട്ടിക ക്രമീകരിക്കാൻ പരാമർശം 10 പ്രകാരം സർക്കാർ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ , പരാമർശം 8,9 പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി പട്ടിക അപ്രകാരം ക്രമീകരിച്ച് പരാമർശം 11 പ്രകാരം പ്രസിദ്ധപ്പെടുത്തുകയും കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയതു സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ സമർപ്പിക്കുന്നതിനും നിർദേശം നൽകിയിരുന്നു. അതിനെ തുടർന്ന് ലഭ്യമായ പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരാമർശം 12 പ്രകാരം സർക്കാരിനെ അറിയിക്കുകയും ഉചിതമായ നിയമോപദേശം നൽകാൻ ആവശ്യപ്പെട്ടിരുന്നു.

പരാമർശം 13 സർക്കാർ കത്ത് പ്രകാരം മാർഗനിർദേശം ലഭ്യമാക്കിയ സാഹചര്യത്തിൽ പരാമർശം 11 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ നിന്നും നിലവിൽ ക്ലറിക്കൽ അറ്റെൻഡർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. ബാബു റ്റി.ഡി, ശ്രീ. ഷെയ്ക്ക് ഖാദർ സി.എ, ശ്രീമതി. സരസ്വതി.റ്റി, ശ്രീ. പ്രഭാകരൻ.കെ, ശ്രീമതി. ശുഭാമണി പി.വി, ശ്രീമതി. ഷമീറ വി.കെ, ശ്രീമതി. ഉഷ.കെ എന്നീ ജീവനക്കാരെയും നിലവിൽ ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി. തങ്കമണി സി.കെ, ശ്രീ. ബ്രെസ് രാജ് .എൻ എന്നീ ജീവനക്കാരെയും " ക്ലറിക്കൽ അറ്റെൻഡർ, ലൈബ്രറി അസിസ്റ്റന്റ്" എന്നീ തസ്തികകൾ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്ത തസ്തികയായതിനാൽ കരട് സീനിയോറിറ്റി പട്ടികയിൽ നിന്ന് ഒഴിവാക്കി കൊണ്ട് മേൽ പറഞ്ഞ ഭേദഗതി വരുത്തി പുതുക്കിയ കരട് സീനിയോറിറ്റി പട്ടിക പരാമർശം 14 പ്രകാരം പ്രസിദ്ധപ്പെടുത്തുകയും കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ സമർപ്പിക്കുന്നതിനും നിർദേശം നൽകിയിരുന്നു.

- പരാമർശം 15 പ്രകാരം കോഴിക്കോട് ഡെന്റൽ കോളേജിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീ. പ്രഭാകരൻ.കെ, ക്ലറിക്കൽ അറ്റെൻഡർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നും ടിയാൻ ഇപ്പോഴും ടി സ്ഥാപനത്തിൽ ഫുൾ ടൈം സ്വീപ്പർ ആയി ജോലി ചെയ്തു വരികയാണെന്നും ആയതിനാൽ ടിയാനെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി സംരക്ഷിച്ചു കൊണ്ട് ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആയത് ശരിയാണെന്നു വ്യക്തമായതിനാൽ ടിയാളെ കരട് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നു.
- പരാമർശം 16,19 പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി. ദീപ വി.എൻ, ആനിമൽ അറ്റെൻഡർ ആയ ശ്രീമതി. ജിജിമോൾ.കെ.എം, ഹെൽപ്പർ ആയ ശ്രീമതി. ലീല പൂക്കോടൻ എന്നീ ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ശ്രീമതി. ദീപ വി.എൻ തസ്തിക മാറ്റ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചപ്പോൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാലും ശ്രീമതി. ജിജിമോൾ.കെ.എം, ശ്രീമതി. ലീല പൂക്കോടൻ എന്നീ ജീവനക്കാർ തസ്തിക മാറ്റ നിയമനത്തിനായി അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ടി ജീവനക്കാർ പരാമർശം 8 പ്രകാരമുള്ള സീനിയോറിറ്റി പട്ടികകളിൽ ഉൾപ്പെട്ടിരുന്നില്ല. ടി സാഹചര്യത്തിൽ ടി ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.
- പരാമർശം 17,18 പ്രകാരം നിലവിൽ ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. ബ്രസ്സ് രാജ്.എൻ, ക്ലറിക്കർ അറ്റെൻന്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. സരസ്വതി.റ്റി, ശ്രീമതി. ശുഭാമണി പി. വി എന്നിവർ ടി ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 09/12/2021 ലെ B2/247/2020/H&FWD നമ്പർ കത്ത് പ്രകാരം നിലവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി സീനിയോറിറ്റി പട്ടിക തയ്യാറാക്കാൻ സർക്കാർ നിർദേശിച്ചതിനെ തുടർന്ന് പ്രസ്തുത

നിർദേശത്തിന് വിധേയമായിട്ടാണ് ടി ജീവനക്കാരെ ഉൾപ്പെടെ അയോഗ്യരായ ജീവനക്കാരെ ഒഴിവാക്കി പരാമർശം 14 പ്രകാരം കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചത് . ടി സാഹചര്യത്തിൽ പ്രസ്തുത സർക്കാർ നിർദേശത്തിന് വിധേയമായി ടി ജീവനക്കാരെ കരട് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

മേൽ സാഹചര്യത്തിൽ പരാമർശം 14 പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരുടെ ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനത്തിന്റെ കരട് സീനിയോറിറ്റി പട്ടികയിൻമേൽ മുൻ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം ഭേദഗതികൾ വരുത്തി അന്തിമ സീനിയോറിറ്റി പട്ടികയായി അംഗീകരിച്ച് ഉത്തരവാകുന്നു. അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. അന്തിമ സീനിയോറിറ്റി പട്ടിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റായ www.dme.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതാത് സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോറിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ആയതു ബന്ധപ്പെട്ട ജീവനക്കാർക്ക് രേഖാമൂലം സമയബന്ധിതമായി കൈമാറേണ്ടതുമാണ്. ഈ ഉത്തരവ് ഓ.എ നം.1620/2020 നമ്പർ ഹർജിയിൻമേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും.

Signature valid
Digitally signed by Anita Balan
Date: 2022.02.09 17:02:55
Reason: Approved

ANITA BALAN
JOINT DIRECTOR (GENERAL)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രിൻസിപ്പൽ മുഖാന്തിരം

പകർപ്പ്: 1. പ്രിൻസിപ്പൽ,
ഗവ. മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്/നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ,
പാരിപ്പള്ളി, എറണാകുളം, ഇടുക്കി, മഞ്ചേരി, കോന്നി.
2. ഡയറക്ടർ, RIO, തിരുവനന്തപുരം.

3. ഡി.എം.ഇ വെബ്സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ/നോട്ടീസ് ബോർഡ് ഡി.എം.ഇ

# അനുബന്ധം

മെ.വി.വ – ജീവനക്കാര്യം – ജൂനിയർ ലാബ് അസിസ്റ്റന്റ് – 16.05.2011 തീയതിക്ക് മുമ്പ് സർവ്വീസിൽ പ്രവേശിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നുള്ള തസ്തിക മാറ്റ നിയമനം – അന്തിമ കരട് സീനിയോറിറ്റി പട്ടിക.

| Sl.No. | Name & Designation | Institution | Date of entry in Last Grade Service | Date of Declaration of Probation | Date of Birth |
|---|---|---|---|---|---|
| 1 | Gopalakrishnan.G, Sweeper | MCA | 22.02.2007 | 22.02.2008 | 30.05.1968 |
| 2 | Ravindran.P.K, Sweeper | MCC | 04.04.2008 | 04.04.2009 | 17.05.1969 |
| 3 | Ashraf.M, Sweeper | DCT | 15.12.2008 | 15.12.2009 | 20.05.1972 |
| 4 | Prabhakaran.K, Sweeper | DCC | 22.12.2008 | 22.12.2009 | 17.03.1969 |
| 5 | Anilkumar.K.S, Sweeper | DCT | 19.09.2009 | 19.09.2010 | 30.05.1966 |
| 6 | Anithakumari, Sweeper | MCKONNI | 23.09.2009 | 23.09.2010 | 28.12.1968 |
| 7 | Suja V.S,FTS | MCP | 16.10.2009 | 27.10.2010 | 25.05.1971 |
| 8 | Manikkuttan.A, Mortuary Man | MCA | 26.11.2009 | 26.11.2010 | 16.05.1975 |
| 9 | Lilly.P.D, Sweeper | MCA | 22.04.2010 | 22.04.2011 | 18.02.1970 |
| 10 | Ajimol.S, Sweeper | MCA | 26.04.2010 | 26.04.2011 | 12.05.1972 |
| 11 | Nirmala.N,FTS | MCT | 17.05.2010 | 17.05.2011 | 28.05.1968 |
| 12 | Rekhu.Y,FTS | MCT | 17.05.2010 | 17.05.2011 | 15.05.1969 |
| 13 | Sakunthala.G,FTS | MCT | 17.05.2010 | 17.05.2011 | 25.05.1969 |
| 14 | Moly Bindu M.N | MCT | 17.05.2010 | 17.05.2011 | 20.04.1970 |
| 15 | Pushpalathakumari.J, FTS | MCT | 17.05.2010 | 17.05.2011 | 24.05.1970 |

| | | | | | |
|---|---|---|---|---|---|
| 16 | Usha K.G, Animal Attendant | MCA | 18.05.2010 | 18.05.2011 | 26.04.1970 |
| 17 | Anilakumari.S, FTS | MCT | 20.05.2010 | 20.05.2011 | 26.05.1968 |
| 18 | Kumari Sheela.S, FTS | MCT | 20.05.2010 | 20.05.2011 | 22.05.1972 |
| 19 | Noorjahan.A,FTS | MCT | 22.05.2010 | 22.05.2011 | 30.05.1971 |
| 20 | Anithabhai P.B, FTS | MCT | 24.05.2010 | 24.05.2011 | 08.05.1971 |
| 21 | Babu.G, Cleaner | MCT | 26.05.2010 | 26.05.2011 | 22.05.1969 |
| 22 | Sreekaladevi, FTS | DCT | 09.02.2011 | 09.02.2012 | 01.05.1969 |
| 23 | Sindhu M.K, Mazdoor | MCC | 04.03.2011 | 04.03.2012 | 27.01.1976 |

Signature valid
Digitally signed by Anita Balan
Date: 2022.02.10 15:10:59 IST
Reason: Approved

**ANITA BALAN**
**JOINT DIRECTOR**

**(GENERAL)**

**10/02/2022**